**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4162** **18-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഏതൊക്കെ ക്ഷേമനിധി ബോർഡുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരെയാണ് സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ? | (എ) | ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ സർക്കാർ സഹായം ലഭിക്കുന്നതും, എന്നാൽ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കി 22.09.2022-ലെ സ.ഉ.(എം.എസ്) നം. 162/2022/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>**ടി** ഉത്തരവ് പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ്സ് ക്ലർക്സ് ക്ഷേമനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്, എന്നീ തനത് ഫണ്ട് ബോർഡുകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർക്കും വിവിധ ദേവസ്വം ബോർഡുകളിലെ (തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽ മാണിക്യം) സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്ന വിരമിച്ച ജീവനക്കാർക്കും, സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച് കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്കും 22.09.2022 തീയതി മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാ- യിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ